ഒ.കെ ഫാരിസ്

# സാമ്പത്തിക പ്രതിസന്ധിക്ക് മേൽ സ്വർണത്തിന്റെ റീത്ത്!



**വൻകിട** കോർപറേറ്റുകൾക്ക് മാത്രം ഉപകരിക്കുന്നതാണ് നവ ലിബറൽ സാമ്പത്തിക കാഴ്ചപ്പാടുകളെന്ന് ആഗോള സാമ്പത്തിക രംഗം നമ്മോട് വിളിച്ചുപറയുന്നു. രാഷ്ട്രത്തിനോ, രാഷ്ട്രത്തിലെ സാധാരണക്കാരായ ബഹുഭൂരിപക്ഷത്തിനോ യാതൊരു ഉപകാരവും ചെയ്യാൻ അതിന് കഴിഞ്ഞില്ല. നവലിബറൽ സാമ്പത്തിക രീതിയുടെ ഹോൾസെയിൽ ഡീലർമാരായിരുന്ന അമേരിക്കയും യൂറോപ്പും സാമ്പത്തിക പ്രതിസന്ധിയിൽ മുങ്ങിത്താഴുന്നു. അവിടങ്ങളിലെ സാധാരണ ജനങ്ങൾ തെരുവിലിറങ്ങി സമരം നയിക്കുന്നു.

അറബ് വസന്ത പ്രക്ഷോഭങ്ങളിൽ നിന്ന് പ്രചോദനമുൾകൊണ്ട് തികച്ചും സമാധാനപരമായി 2011 സെപ്റ്റംബർ 17-ന് ന്യൂയോർക്ക് സിറ്റിയിലെ വാൾസ്ട്രീറ്റിലാണ് 'ഒക്യുപൈ വാൾസ്ട്രീറ്റ്' എന്ന പേരിൽ സമരത്തിന് തുടക്കം കുറിക്കുന്നത്. ഇത് പിന്നീട് യൂറോപ്പിലേക്കും പടർന്നു. 2011 ഒക്ടോബർ 15-ന് 82 രാഷ്ട്രങ്ങളിലായി 951 പട്ടണങ്ങളിൽ വൻ ജനസാഗരങ്ങൾ അണിനിരന്ന പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടു.

ഞങ്ങൾ 99 ശതമാനവും ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലാ

യ്മയും കൊണ്ട് കഷ്ടപ്പെടുമ്പോഴും ഒരു ശതമാനം വരുന്ന കോർപറേറ്റുകൾക്ക് വേണ്ടിയാണ് രാഷ്ട്രങ്ങൾ നിലകൊള്ളുന്നതെന്നാണവരുടെ വാദം. 'കോർപറേറ്റുകളുടെ ആർത്തിയല്ല, മനുഷ്യരുടെ ആവശ്യങ്ങളാണ്' (Human need, not corporate greed) ഗവൺമെന്റുകൾ നിറവേറ്റിത്തരേണ്ടതെന്ന് അവർ മുദ്രാവാക്യങ്ങളുയർത്തുന്നു. സോമാലിയയിൽ നിന്നല്ല ഈ പ്രക്ഷോഭം ആരംഭിച്ചത്, മറിച്ച് ലോകത്തിന്റെ ജി.ഡി.പി (ദേശീയവരുമാനം) പകുതിയോളം വന്നെത്തുന്ന യൂറോപ്യൻ യൂനിയന്റെയും അമേരിക്കൻ ഐക്യനാടുകളുടെയും തെരുവുകളിലാണ്. എന്നിട്ടു പോലും അവിടങ്ങളിൽ 99 ശതമാനവും പ്രയാസത്തിലാണെന്ന് സമരക്കാർ വിളിച്ചു പറയുന്നു.

ഐ.എം.എഫ് പ്രസിദ്ധീകരിച്ച ജി.ഡി.പി പട്ടിക

**(പട്ടിക 1)**

| **രാജ്യം** | **ജി.ഡി.പി** (മില്യൻ യു.എസ് ഡോളറിൽ) |
|---|---|
| ലോകം മൊത്തം | 62,911,253 |
| യൂറോപ്യൻ യൂനിയൻ | 16,242,256 |
| അമേരിക്കൻ ഐക്യനാടുകൾ | 14,526,550 |
| ചൈന | 5,878,257 |
| ജപ്പാൻ | 5,458,797 |
| ജർമനി | 3,286,451 |
| ഫ്രാൻസ് | 2,562,742 |
| ബ്രിട്ടൻ | 2,250,209 |
| ബ്രസീൽ | 2,090,314 |
| ഇറ്റലി | 2,055,114 |
| ഇന്ത്യ | 1,631,970 |

ജി.ഡി.പിയുടെ മുഖ്യ പങ്കും കോർപറേറ്റുകൾ കൈയടക്കുന്നു എന്നതാണിതിന് കാരണം. ഏതായാലും നവലിബറൽ സാമ്പത്തിക കാഴ്ചപ്പാടുകൾ പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം വർധിപ്പിക്കുന്നു. അതോടൊപ്പം തന്നെ രാഷ്ട്രങ്ങളുടെ അവസ്ഥയും ഏറെ പരിതാപകരമാണ്. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായ അമേരിക്ക തന്നെയാണ് ഏറ്റവും കൂടുതൽ പൊതുകടമുള്ള രാഷ്ട്രവും. ഒരു നാട്ടിലെ ഏറ്റവും വലിയ പണക്കാരൻ തന്നെ ആ നാട്ടിലെ ഏറ്റവും വലിയ കടക്കാരനുമാകുന്ന അവസ്ഥ.

**പട്ടിക 2**

(ബില്യൻ യു.എസ് ഡോളറിൽ)

| രാജ്യം | പൊതുകടം | ജി.ഡി.പി ശതമാനം |
|---|---|---|
| അമേരിക്ക | 9,133 | 62% |
| ജപ്പാൻ | 8,512 | 189% |
| ജർമനി | 2,446 | 83% |
| ഇറ്റലി | 2,113 | 119% |
| ഇന്ത്യ | 2,107 | 52% |
| ചൈന | 1,907 | 19% |
| ഫ്രാൻസ് | 1,767 | 82% |
| ബ്രിട്ടൻ | 1,654 | 76% |



ഇത്രയേറെ കടമുള്ള അമേരിക്കയുടെ കടം തിരിച്ചടക്കാനുള്ള ശേഷി 'എ.എ.എ' എന്ന ഏറ്റവും ഉയർന്ന ഗ്രേഡായിരുന്നു. ഇപ്പോൾ അത് താഴേക്ക് വന്നുതുടങ്ങി. ഇനി അമേരിക്കക്ക് പലിശയടക്കം കടം തിരിച്ചടക്കാൻ പ്രയാസം നേരിട്ടാൽ അമേരിക്കൻ ട്രഷറി സെക്യൂരിറ്റികളിൽ ഏറ്റവും കൂടുതൽ പണം നിക്ഷേപിച്ച ചൈന (910 ബില്യൻ യു.എസ് ഡോളർ) മുതൽ 41 ബില്യൻ യു.എസ് ഡോളർ നിക്ഷേപിച്ച ഇന്ത്യയടക്കം സാമ്പത്തിക പ്രതിസന്ധി നേരിടും. അമേരിക്കൻ ട്രഷറി സെക്യൂരിറ്റികളിൽ നിക്ഷേപിക്കാത്ത ഏതെങ്കിലും രാഷ്ട്രമുണ്ടോ എന്ന് സംശയമാണ്. ഇതിന് പുറമെ യൂറോപ്പിൽ ഇപ്പോൾ ഗ്രീസ്, അയർലന്റ്, പോർച്ചുഗൽ, സ്പെയിൻ, ഇറ്റലി തുടങ്ങിയ രാഷ്ട്രങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഈ രാഷ്ട്രങ്ങളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാനുള്ള ശ്രമത്തിലാണ് യൂറോപ്യൻ യൂനിയൻ. കാരണം യൂറോ അംഗീകരിക്കുന്ന ഈ രാഷ്ട്രങ്ങളുടെ തകർച്ച യൂറോ കറൻസിയെ ബാധിക്കും. അത് യൂറോ കറൻസി അംഗീകരിക്കുന്ന 17 രാഷ്ട്രങ്ങളെ പ്രതിസന്ധിയിലാക്കും.

ലോക സാമ്പത്തിക രംഗം പരിശോധിക്കുമ്പോൾ വൻകിട രാഷ്ട്രങ്ങൾ മിക്കതും പ്രതിസന്ധിയിലാണ്. ഭരണകൂടങ്ങളും സാധാരണക്കാരും കൈ മലർത്തുമ്പോൾ കോർപറേറ്റുകൾ മാത്രം തലയുയർത്തി നിൽക്കുന്നു. ആഗോളസാമ്പത്തിക രഗം മൊത്തത്തിൽ പ്രയാസം നേരിടുന്ന ഈ അവസ്ഥയിലാണ് സ്വർണത്തിന് അനിയന്ത്രിതമായ തോതിൽ മൂല്യവർധനവുണ്ടാകുന്നത്. ഇത് വലിയ പ്രത്യാഘാതങ്ങൾക്ക് വഴിവെക്കും.

**സ്വർണം ഒരു സാമ്പത്തിക വ്യവസ്ഥയെ തകർക്കുന്നവിധം**

മനുഷ്യ ചരിത്രത്തിൽ ഇതുവരെയായി 1,65,000 ടൺ സ്വർണം ഖനനം ചെയ്തതായാണ് കണക്ക്. തുരുമ്പിക്കുകയോ നശിക്കുകയോ ചെയ്യാത്ത, വളരുകയോ വികസിക്കുകയോ ചെയ്യാത്ത, മൂല്യത്തിൽ പരമാവധി സ്ഥിരത നിലനിർത്തുന്ന ലോഹമെന്ന നിലയിൽ ഇത് വിനിമയ മാധ്യമമായി അഥവാ പണമായി ഉപയോഗപ്പെടുത്തി. കൂടാതെ സ്വർണ

ത്തിന്റെ തിളക്കവും നിർമാണത്തിലുള്ള എളുപ്പവും കാരണം ആഭരണമായും ഉപയോഗിച്ചുപോന്നു.

സ്വർണം ഉൽപാദനത്തിൽ ദക്ഷിണാഫ്രിക്ക, അമേരിക്ക, ആസ്ട്രേലിയ, റഷ്യ, പെറു തുടങ്ങിയ രാഷ്ട്രങ്ങളാണ് മുന്നിൽ. ഇന്ത്യയിൽ കർണാടകയിലെ കോലാർ സ്വർണ ഖനി മാത്രമേ എടുത്തുപറയാനുള്ളൂ. എന്നാൽ ലോകത്ത് ഉൽപാദിപ്പിക്കുന്ന സ്വർണം ഉപഭോഗം ചെയ്യുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് ഇന്ത്യയാണ്. മൊത്തം ഉൽപാദനത്തിന്റെ 25 ശതമാനം. ഇന്ത്യയുടെ ഉപഭോഗത്തിൽ 20 ശതമാനം വാങ്ങുന്ന കേരളമാണ് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത്. അഥവാ ലോക ജനസംഖ്യയുടെ അരശതമാനം വരുന്ന കേരള ജനത സ്വർണ ഉൽപാദനത്തിന്റെ 5 ശതമാനം വാങ്ങിക്കൂട്ടുന്നു. സ്വർണത്തെ ഇത്രയേറെ പ്രണയിക്കുന്ന ജനത ലോകത്ത് വേറെയില്ല. 2009-ലേതിനെ അപേക്ഷിച്ച് 2010-ൽ ഇന്ത്യയിൽ സ്വർണ ഉപയോഗം 69 ശതമാനമാണ് വർധനവ്

**പട്ടിക 3**

സ്വർണ ഉപയോഗം

| രാജ്യം | 2009(ടൺ കണക്കിൽ) | 2010 (ടൺ കണക്കിൽ) | വർധനവ് |
|---|---|---|---|
| ഇന്ത്യ | 442.37 | 745.70 | +69% |
| ചൈന | 376.96 | 428.00 | + 14% |
| യു.എസ് | 150.28 | 128.61 | - 14% |
| തുർക്കി | 75.16 | 74.07 | - 1% |
| സുഊദി അറേബ്യ | 77.75 | 72.95 | - 6% |
| റഷ്യ | 60.12 | 67.50 | + 12% |
| യു.എ.ഇ | 67.60 | 63.37 | - 6% |
| ഈജിപ്ത് | 56.68 | 53.43 | - 6% |
| ഇന്തോനേഷ്യ | 41.00 | 32.75 | -20% |
| യു.കെ | 31.75 | 27.35 | - 14% |
| ജപ്പാൻ | 21.85 | 18.50 | - 15% |

കണക്കുകൾ തെളിയിക്കുംവിധം സ്വർണം ഉപഭോഗത്തിൽ ഇന്ത്യയും, ഇന്ത്യയിൽ തന്നെ കേരളവും മുന്നിൽ നിൽക്കുന്നു. എന്നാൽ അനിയന്ത്രിതമായ മൂല്യവർധനവ് കാരണം യഥാർഥത്തിൽ സ്വർണം സാമ്പത്തിക വ്യവസ്ഥയെ തകർത്തുകൊണ്ടിരിക്കുകയാണെന്ന് നാം മനസ്സിലാക്കുന്നില്ല.

**നിക്ഷേപം, ആഭരണം, വിനിമയ മാധ്യമം**

ഇന്ന് ലോകത്തുൽപാദിപ്പിക്കുന്ന സ്വർണത്തിന്റെ 40 ശതമാനം നിക്ഷേപമായും 50 ശതമാനം ആഭരണമായും 10 ശതമാനം വ്യാവസായികാവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്. ആഭരണമായി ഉപയോഗിക്കുന്നവരും അതൊരു നിക്ഷേപമായി തന്നെയാണ് കാണുന്നത്. അഥവാ 90 ശതമാനം യഥാർഥത്തിൽ നിക്ഷേപമാണ്. ഇവ തന്നെ വിനിമയ മാധ്യമമായും (medium of exchange) ഉപയോഗിക്കുന്നു. കടലാസ് നോട്ടുകൾ (കറൻസി) ഉപയോഗിച്ചു തുടങ്ങുന്നതിന് മുമ്പ് സ്വർണമായിരുന്നു പ്രധാനമായും വിനിമയ മാധ്യമം. പിന്നീട് സ്വർണം കൈകാര്യം ചെയ്യുന്നത് പ്രയാസകരമായി മാറിയതോടെയാണ് സ്വർണം പിൻബലമായി വെച്ചുകൊണ്ട് ഓരോ രാഷ്ട്രവും കറൻസികൾ അടിച്ചിറക്കാൻ ആരംഭിച്ചത്. അഥവാ 1000 രൂപ നോട്ട് അടിച്ചിറക്കുമ്പോൾ 1000 രൂപ മൂല്യമുള്ള സ്വർണം പിൻബലമായി വെക്കണം. എന്നാൽ കാലക്രമേണ കറൻസി അടിച്ചിറക്കുന്നതിന് തുല്യമായി സ്വർണം പിൻബലം വെക്കുന്നത് പല രാഷ്ട്രങ്ങളും കുറച്ച് കൊണ്ടുവന്നു. രണ്ടാം ലോക യുദ്ധകാലത്ത് രാഷ്ട്രങ്ങൾ തമ്മിൽ കറൻസികളുടെ മൂല്യം നിർണയിക്കുന്നതിൽ പ്രയാസം നേരിട്ടുതുടങ്ങിയതോടെ 44 രാഷ്ട്രങ്ങളിലെ 730 പ്രതിനിധികൾ ബ്രെറ്റൻ വുഡ്സിൽ സമ്മേളനം ചേരുകയും അവരുടെയെല്ലാം കറൻസികൾ അമേരിക്കൻ ഡോളറുമായി ചേർത്ത് വെച്ച് മൂല്യം നിശ്ചയിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്പോഴും ഒരു നിശ്ചിത സ്വർണമെങ്കിലും എല്ലാ രാഷ്ട്രങ്ങളും അവരുടെ കറൻസി അടിച്ചിറക്കുന്നതിന് പിൻബലമായി സൂക്ഷിച്ചു. പക്ഷേ, 1971 ആഗസ്റ്റ് 15-ന് അന്നത്തെ അമേരിക്കൻ പ്രസിഡന്റായിരുന്ന നിക്സൺ ഡോളറിന്റെ സ്വർണ പിൻബലം പൂർണമായി പിൻവലിച്ചു. അതോടെ അമേരിക്കൻ ഡോളറിന് അമേരിക്കയിലെ ഫെഡറൽ റിസർവ് നൽകുന്ന ഉറപ്പല്ലാതെ മറ്റൊരു പിൻബലവുമില്ലാതായി. ഇതോടെ ബ്രെറ്റൻ വുഡ്സ് കരാർ ഇല്ലാതാവുകയും ചെയ്തു. അഥവാ ഇന്ന് ലോകത്ത് ഓരോ രാഷ്ട്രവും ഇറക്കുന്ന കറൻസികളുടെ മൂല്യം എന്നത് അതത് രാഷ്ട്രങ്ങളുടെ കേന്ദ്ര ബാങ്കോ ധനകാര്യ മന്ത്രാലയമോ നൽകുന്ന ഉറപ്പ് മാത്രമാണ്. ഇതിൽ സ്വർണ പിൻബലം പേരിനെങ്കിലും മിക്ക

രാഷ്ട്രങ്ങളും നിലനിർത്തിപ്പോരുന്നെന്നു മാത്രം. കറൻസികൾക്ക് സ്ഥിരത കുറയാനും സ്വർണവുമായി തുലനം ചെയ്യുമ്പോൾ ശക്തമായ ഇടിവ് വരാനും ഇത് കാരണമായി. സ്വർണവും കറൻസികളും തമ്മിൽ വെറും മൂന്ന് വർഷം കൊണ്ടുണ്ടായ വ്യതിയാനം നമുക്ക് പരിശോധിക്കാം.

**പട്ടിക 4**

| | | നവ. 2008 | നവ 2011 |
|---|---|---|---|
| ഇന്ത്യൻ രൂപ | സ്വർണം/8 ഗ്രാം | `9,446 | `21,480 |
| അമേരിക്കൻ ഡോളർ | സ്വർണം/ ഔൺസ് | $740 | $1763 |
| യൂറോ | സ്വർണം/ഔൺസ് | € 630 | €1312 |



കഴിഞ്ഞ മൂന്ന് വർഷം ഡോളർ, യൂറോ, രൂപ എന്നിവ സ്വർണവുമായി തുലനം ചെയ്താൽ സ്വർണത്തിന്റെ മൂല്യം നൂറ് ശതമാനത്തിന് മുകളിലാണ് വർധിച്ചത്. വെറുതെയിരിക്കുന്ന സ്വർണത്തിന് ഇങ്ങനെ മൂല്യവർധനവ് വന്നതോടെ ജനങ്ങൾ അവരുടെ പണം കൊണ്ട് സ്വർണം വാങ്ങിക്കൂട്ടാൻ തുടങ്ങി. ഇത് സ്വർണത്തിന് ഡിമാന്റ് വർധിക്കാനും വീണ്ടും വില വർധിക്കാനും കാരണമായിത്തീരുന്നു. ഇത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. യഥാർഥത്തിൽ സ്വർണത്തിൽ നിക്ഷേപം കുന്നുകൂടുന്നത് അപകടകരമാണ്. കാരണം ഉൽപാദനപരമായ രംഗങ്ങളിൽ നിന്ന് നിക്ഷേപം പിൻവലിച്ചാണ് സ്വർണത്തിലേക്ക് നിക്ഷേപിക്കുന്നത് (2010 ഒക്ടോബറിൽ ഇന്ത്യയുടെ വ്യാവസായിക വളർച്ച 11.3 ശതമാനം ആയിരുന്നത് 2011 ഒക്ടോബറിൽ -5.1 ആയി മുരടിച്ചു. കഴിഞ്ഞ വർഷം കാർഷിക രംഗത്ത് 5.4 ശതമാനം വളർച്ചയുണ്ടായിരുന്നത് ഈ വർഷം 3.2 ശതമാനമായി കുറഞ്ഞു. രാജ്യത്തെ നിക്ഷേപ നിരക്ക് 2007-'08ൽ 33-34 ശതമാനമായിരുന്നത് 2010-11ൽ 28 ശതമാനമായി കുറഞ്ഞു. സ്വർണത്തിന്റെ മൂല്യം അസാധാരണമായി വർധിച്ചുകൊണ്ടിരിക്കുന്നത് കാരണം നിക്ഷേപം സ്വർണത്തിലേക്ക് മാറ്റുന്നതാണ് ഇതിന് പ്രധാന കാരണം).

സ്വർണ മൂല്യവർധനവ് സംഭവിക്കുന്നതോടെ രൂപയുടെ മൂല്യം കുറയുന്നു. അതോടെ ഉൽപാദന രംഗത്ത് നിക്ഷേപിച്ചവർക്ക് വേണ്ടത്ര ലാഭം ലഭിക്കാതെ വരുന്നു. ചുരുക്കത്തിൽ 2008-ൽ 10 ലക്ഷം രൂപ കൃഷിയിലോ, മറ്റു വ്യാവസായിക ഉൽപാദന രംഗങ്ങളിലോ കച്ചവടത്തിലോ മുടക്കിയ ഒരാൾക്ക് 3 വർഷം കൊണ്ട് 20 ലക്ഷം രൂപയാകണമെങ്കിൽ വർഷം 33 ശതമാനമെങ്കിലും ലാഭം വേണം. എന്നാൽ 2011-ലെ കണക്ക് പ്രകാരം വർഷം 33 ശതമാനം ലാഭം റിയൽ എസ്റ്റേറ്റ് രംഗങ്ങളിൽ പോലും ഉണ്ടായില്ല. എന്നാൽ 2008-ൽ 10 ലക്ഷം രൂപക്ക് സ്വർണം വാങ്ങി വീട്ടിൽ വെച്ച് വെറുതെയിരുന്ന വ്യക്തിക്ക് 2011-ൽ 22 ലക്ഷത്തോളം രൂപ കൈയിൽ വരും! പിന്നെ എന്തിനാണ് അധ്വാനിക്കുന്നത്? ഈ അവസ്ഥ സാമ്പത്തിക രംഗത്തെ തകർക്കുമെന്നതിൽ സംശയമില്ല. വ്യക്തികൾക്ക് വെറുതെയിരുന്ന് ലാഭമുണ്ടാക്കാമെന്ന് മാത്രം.

രൂപയുടെ മൂല്യത്തകർച്ച കാരണവും സ്വർണത്തിന്റെ വിലക്കയറ്റം കാരണവും ഇന്ത്യയിൽ നിന്ന് വിദേശനിക്ഷേപം വലിയ തോതിൽ പിൻവലിക്കപ്പെടുകയാണ്. ഒപ്പം ഉൽപാദനപരമായ രംഗങ്ങളിൽ നിന്ന് സാധാരണക്കാരും പിന്മാറിക്കൊണ്ടിരിക്കുന്നു. പരിഹാരങ്ങൾ കാര്യമായൊന്നും ഗവൺമെന്റ് ഇതുവരെയും ചെയ്തിട്ടില്ല. റിസർവ് ബാങ്ക് ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നത് മാത്രമാണ് വളരെ ചെറിയ ഒരിടപെടൽ.

**സാമ്പത്തിക രംഗവും വസന്തത്തെ പ്രതീക്ഷിക്കുന്നു**

കറൻസികളുടെ മൂല്യം പരമാവധി കൃത്യപ്പെടുത്തുകയും ചാഞ്ചാട്ടമില്ലാതാക്കുകയും ചെയ്യാനും സ്വർണത്തെ നിക്ഷേപമായി പൂഴ്ത്തിവെക്കുന്നത് തടയാനും ഈ ആഗോളീകൃത കാലത്ത് എല്ലാ രാഷ്ട്രങ്ങളും ഒരുമിച്ചിരുന്ന് തീരുമാനമെടുക്കൽ അനിവാര്യമാണ്. അതോടൊപ്പം സാമ്പത്തിക രംഗത്ത് രാഷ്ട്രങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സാധാരണക്കാരായ ജനങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയണം. അല്ലാത്ത പക്ഷം സാമ്പത്തിക രംഗം ഇനിയും കലുഷിതമാകുമെന്നതിൽ സംശയമില്ല.

ഇസ്‌ലാം സ്വർണത്തെ നിക്ഷേപമാക്കി പൂഴ്ത്തിവെക്കുന്നതിനെ തടയുന്നു. ധനം ഉൽപാദനപരമായ രംഗങ്ങളിൽ ഉപയോഗപ്പെടുത്താനാണ് ഇസ്‌ലാം താൽപര്യപ്പെടുന്നത്. കൃഷി, വ്യാവസായിക ഉൽപാദനങ്ങൾ, കച്ചവടം തുടങ്ങിയവ സാമ്പത്തിക രംഗത്തെ വളർത്തുന്നു. എന്നാൽ സ്വർണം പൂഴ്ത്തിവെക്കുമ്പോൾ മറ്റു പല രംഗങ്ങളിലും ഉപയോഗപ്പെടേണ്ട ധനം നിശ്ചലമാവുകയാണ് ചെയ്യുന്നത്.

'ധനം ശേഖരിക്കുകയും അത് എണ്ണി നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന് നാശം' (ഖുർആൻ 104:2). എന്നാൽ കച്ചവടത്തിലും കൃഷിയിലും മറ്റു ഉൽപാദനപരമായ രംഗങ്ങളിലും പണം നിക്ഷേപിക്കുന്നതും ലാഭം നേടിയെടുക്കുന്നതും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. 'അല്ലാഹു കച്ചവടത്തെ അനുവദിക്കുകയും പലിശയെ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു' (ഖുർആൻ 2:275). ധനം സമ്പന്നരായ ഒരു ന്യൂനപക്ഷത്തിൽ മാത്രം ഒതുങ്ങിപ്പോവാതിരിക്കാനും ഖുർആൻ നിർദേശിക്കുന്നു. 'അത് (ധനം) നിങ്ങളിൽ നിന്നുള്ള ധനികർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാകാതിരിക്കാൻ വേണ്ടി' (ഖുർആൻ 59:7).

യഥാർഥത്തിൽ ഇസ്‌ലാം നിർദേശിക്കുന്ന സാമ്പത്തിക തത്ത്വങ്ങൾക്ക് മാത്രമേ സാമ്പത്തിക രംഗത്തെ നിലക്ക് നിർത്താനാകൂ. പാശ്ചാത്യ സാമ്പത്തിക വിദഗ്ധരടക്കം ഇത് തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നത് പ്രതീക്ഷക്ക് വക നൽകുന്നു. ■

okfaris@gmail.com